സബ്സിഡി നൽകുക, നല്ല ചിത്രങ്ങൾ നിർമ്മിക്കുന്നതിന് പ്രോത്സാഹനം എന്ന നിലയിൽ ചലച്ചിത്രമേളകൾ സംഘടിപ്പിക്കുക, ചലച്ചിത്രങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഉണ്ട്. അതുസംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം I-ൽ ചേർത്തിരിക്കുന്നു. *

(സി) കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഔട്ട് ഡോർ വിഭാഗത്തിൽ പുതിയ പാർലൈറ്റുകൾ, കിനോഫ്ളോ ലൈറ്റുകൾ വാങ്ങി, ഷൂട്ടിംഗിനായി DSR 400 വീഡിയോ ക്യാമറ ലഭ്യമാക്കി, റിക്കോർഡിംഗ് തിയേറ്ററിൽ ഡി.ടി.എസ്. ശബ്ദ മിശ്രണ സംവിധാനം പ്രവർത്തിച്ചുതുടങ്ങി എഡിറ്റിംഗ് വിഭാഗത്തിൽ ഡിജിറ്റൽ എഡിറ്റിംഗിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തി, ലാബിൽ കളർ അനലൈസർ, ഇലക്ട്രോണിക്സ് ലൈറ്റ് വാൽവ് എന്നിവ സ്ഥാപിച്ചു, കോർപ്പറേഷന്റെ കീഴിലുള്ള സിനിമ തിയേറ്ററുകളിൽ ഡി.ടി.എസ്. ക്യൂബ് ഡിജിറ്റൽ സംവിധാനം സ്ഥാപിച്ചു കഴിഞ്ഞു.

(ഡി) 17-1-1979 മുതൽ

(ഇ) ഉണ്ട്. പി.എസ്.സി. മുഖേനയല്ലാതെ നിയമനം നടത്തിയവരിൽ ഇപ്പോൾ കോർപ്പറേഷൻ സർവ്വീസിൽ 106 ജീവനക്കാർ ഉണ്ട്.

കേന്ദ്ര ലളിതകലാ അക്കാദമിയുടെ സെയിൽസ് കൗണ്ടർ കൊള്ളയടിച്ചെന്ന ആരോപണം

108 (2120) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ലളിതകലാ അക്കാദമിയുടെ എറണാകുളം ഗ്യാലറിയോടു ചേർന്നു പ്രവർത്തിച്ചിരുന്ന കേന്ദ്ര ലളിതകലാ അക്കാഡമിയുടെ സെയിൽസ് കൗണ്ടർ കേരള ലളിതകലാ അക്കാഡമി സെക്രട്ടറിയുടെ നേതൃത്വത്തിൽ പൂട്ടുതകർത്ത് കൊള്ളയടിച്ചു എന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ കൗണ്ടർ ഒഴിപ്പിച്ചെടുക്കാനായി ഏതെങ്കിലും നിയമവഴികൾ സ്വീകരിച്ചിട്ടുണ്ടായിരുന്നോ ; കോടതിയുടേയോ പോലീസിന്റേയോ സഹായം തേടിയിട്ടുണ്ടായിരുന്നോ ;

(സി) സഹായം തേടിയിട്ടുണ്ടെങ്കിൽ പെറ്റീഷനുകളുടെ പകർപ്പും നമ്പരുകളും ലഭ്യമാക്കുമോ ;

(ഡി) ഈ ആരോപണങ്ങളെക്കുറിച്ച് സർക്കാർ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തിയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 8-1-2011-ന് സെയിൽസ് കൗണ്ടർ തുറന്നു അതിലെ സാധനങ്ങൾ മുഴുവൻ എടുത്തു മാറ്റിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ഈ കൗണ്ടർ ഒഴിപ്പിച്ചെടുക്കാനായി ഒരു വക്കീലിന്റെ നിയമോപദേശം തേടിയിട്ടുണ്ട്. പോലീസിന്റെയോ കോടതിയുടേയോ സഹായം തേടിയിട്ടില്ല.

(ഡി) ഈ ആരോപണങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടില്ല.

കോവിലന് സ്മാരകം നിർമ്മിക്കുന്നതിന് നടപടി

109 (2122) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്തരിച്ച സാഹിത്യകാരൻ കോവിലന് സ്മാരകം നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികളുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിട്ടുണ്ട്.

(ബി) സ്മാരകം നിർമ്മിക്കുന്നതിനുള്ള ശ്രമം കേരള സാഹിത്യ അക്കാദമി നടത്തിവരുന്നു.

ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ നിയമനത്തിലെ ക്രമക്കേട്

110 (2123) ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഇപ്പോഴത്തെ ഡയറക്ടർ ആരാണ് ;

(ബി) ഈ വ്യക്തിക്ക് അദ്ധ്യാപന പരിചയം ഉൾപ്പെടെ ഈ തസ്തികയിൽ തുടരാൻവേണ്ട അടിസ്ഥാന യോഗ്യതകൾ ഇല്ലെന്നുള്ള കാര്യം മനസ്സിലാക്കി ഈ തസ്തികയിൽ സ്ഥിരനിയമനത്തിനായി ഫയൽ (ഫയൽ നമ്പർ 5252/സി1/10/സി.എ.ഡി.) ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് വിട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് വയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;